പ്രസ്തുത ഹർജികളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി വാദം കേട്ട് വിചാരണ നടപടികൾ പൂർത്തീകരിച്ച് വിധി പറയുന്നതിലേക്കായി മാറ്റിവച്ചിരിക്കുകയാണ്. ഇതുകൂടാതെ രണ്ട് റിട്ട് ഹർജികൾ കൂടി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെടുകയുണ്ടായി. പ്രസ്തുത റിട്ട് ഹർജികളും വിധി പറയുന്നതിലേയ്ക്കായി മാറ്റിവച്ചിരിക്കുകയാണ്.

തിരുവത്സര എൽ.എൽ.ബി. കോഴ്സ്

112 (1148) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാല നടത്തുന്ന തിരുവത്സര എൽ.എൽ.ബി കോഴ്സ് പരീക്ഷയുടെ 4, 5, 6 സെമസ്റ്റർ പരീക്ഷകളുടെ ഫലം യഥാസമയം പ്രസിദ്ധീകരിക്കാത്തത് കാരണം പരാജിതരാകുന്ന വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി പരീക്ഷ, കോഴ്സ് കാലാവധി കഴിഞ്ഞതിനുശേഷം മാത്രമേ എഴുതുവാൻ സാധിക്കുന്നതിനാൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് ഒരു അക്കാദമിക് വർഷം നഷ്ടപ്പെടുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മേൽപ്പറഞ്ഞ പരീക്ഷകളുടെ ഫലം കഴിയുന്നത്ര വേഗം പ്രസിദ്ധീകരിക്കാനും സപ്ലിമെന്ററി പരീക്ഷകൾ യഥാസമയം നടത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) എൽ.എൽ.ബി. യൂണിറ്ററി (തിരുവത്സരം) പരീക്ഷയ്ക്ക് നിലവിൽ ഒരു സെമസ്റ്ററിന് ഒരു വർഷത്തിൽ പല സ്കീമുകളായി ഏകദേശം അമ്പതോളം പരീക്ഷകൾ നടത്തുന്നുണ്ട്. അദ്ധ്യാപകരുടെ ലഭ്യതക്കുറവുകാരണം ഒരേ സമയം നടക്കുന്ന വിവിധ എൽ.എൽ.ബി. പരീക്ഷകളുടെ മൂല്യനിർണ്ണയം നടത്തുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. എന്നാൽ പരീക്ഷയുടെ 4, 5, 6 സെമസ്റ്ററുകളുടെ ഫലപ്രഖ്യാപനത്തിൽ കാലതാമസം ഉണ്ടായിട്ടില്ല. അവസാന സെമസ്റ്ററുകളുടെ ഫലം പ്രഖ്യാപിക്കുന്നതിന് മുൻഗണന നൽകാറുണ്ട്. യൂണിറ്ററി എൽ.എൽ.ബി. (തിരുവത്സരം) പരീക്ഷയ്ക്ക് പ്രത്യേകം സപ്ലിമെന്ററി പരീക്ഷ നടത്തുന്നില്ല. റഗുലേഷൻ അനുസരിച്ച് ഈ പരീക്ഷയ്ക്ക് ഇംപ്രൂവ്മെന്റ് പരീക്ഷകൾ നടത്തേണ്ടതില്ല. എൽ.എൽ.ബി. റഗുലേഷൻസിൽ വ്യതിയാനം വരുത്താൻ അക്കാദമിക് തലത്തിലുള്ള തീരുമാനം അത്യന്താപേക്ഷിതമായതിനാൽ തോറ്റ വിദ്യാർത്ഥികൾക്ക് അടുത്ത റെഗുലർ ബാച്ചിനോടൊപ്പം മാത്രമേ പരീക്ഷ എഴുതാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly